# സ്കോഡ ഫാബിയയ്ക്ക് നാലുവർഷത്തെ വാർഷിക മെയിന്റനൻസ് പാക്കേജ്

തൃശ്ശൂർ: സ്കോഡ ഇന്ത്യയുടെ പ്രശസ്ത മോഡലായ ഫാബിയയ്ക്ക് നാലുവർഷത്തെ വാർഷിക മെയിന്റനൻസ് പാക്കേജ് പ്രഖ്യാപിച്ചു. സർവീസ് അഷ്വേഡ് സ്കീം പ്രകാരം ഫാബിയ വാങ്ങുന്നവർക്ക് ഇതോടെ നാലുവർഷത്തേക്ക് സർവീസിനെക്കുറിച്ചോ മെയിന്റനൻസിനെക്കുറിച്ചോ ഉള്ള വേവലാതി ഇല്ലാതാകും.

നാലു വർഷം, 60,000 കിലോമീറ്റർ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതായിരിക്കും വാർഷിക മെയിന്റനൻസ് പാക്കേജിൽ വരിക. ഷെഡ്യൂൾ പ്രകാരമുള്ള മെയിന്റനൻസ്, രണ്ടുവർഷത്തെ സാധാരണ വാറന്റിക്കൊപ്പം രണ്ടു വർഷത്തെ അധിക വാറന്റി, റോഡ് സൈഡ് അസിസ്റ്റൻസ് എന്നിവ ഇതിൽ ഉൾക്കൊള്ളുന്നു.

ഫാബിയയുടെ 1.2 എം പി ഐ, 1.2 ടി ഡി ഐ മോഡലുകൾക്കായിരിക്കും ഈ പാക്കേജ് ലഭ്യമാകുക. ഇവയ്ക്ക് യഥാക്രമം 43,027 രൂപയും 52,665 രൂപയുമാണ് വില. രാജ്യത്തെല്ലായിടത്തും ഈ ഓഫർ ബാധകമായിരിക്കും.

## സ്കോഡ ഓട്ടോ ഇന്ത്യ

യൂറോപ്പിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കാർ നിർമാതാക്കളായ വോക്സ്വാഗൻ ഗ്രൂപ്പായ സ്കോഡ ഓട്ടോയുടെ ഇന്ത്യൻ സബ്സിഡിയറി 2001 നവംബറിലാണ് പ്രവർത്തനമാരംഭിച്ചത്. മഹാരാഷ്ട്രയിലെ ഔറംഗാബാദിനടുത്തുള്ള ശേന്ദ്രയിൽ അതിന് അത്യാധുനിക നിർമാണ കേന്ദ്രമുണ്ട്. 300,000 ചതുരശ്ര മീറ്ററാണ് ഈ കേന്ദ്രത്തിന്റെ വ്യാപ്തി. ഇന്ത്യയിലെ വിൽപനയ്ക്കായി അഞ്ചുമോഡലുകളാണ് സ്കോഡ ഓട്ടോ ഇന്ത്യ തയ്യാറാക്കിയിട്ടുള്ളത്. സ്കോഡ സൂപ്പർബ്, സ്കോഡ ലോറ, സ്കോഡ ഫാബിയ, സ്കോഡ യെതി എന്നിവയും സമീപകാലത്ത് പുറത്തിറക്കിയ സ്കോഡ റാപ്പിഡുമാണ് അവ. രാജ്യത്തുടനീളമായി 106 ഔട്ട്ലെറ്റുകളാണ് സ്കോഡ ഇന്ത്യയ്ക്കുള്ളത്. 2001 നവംബറിനുശേഷം 1,68,204 യൂണിറ്റുകൾ കമ്പനി ഇന്ത്യയിൽ വിറ്റിട്ടുണ്ട്.

**For further information, please contact:**

**ŠKODA Auto India**

Dhara Rajput
dhara.rajput@škoda-auto.co.in
08390903357

Bhushan Rao
brao@perfectrelations.com
09619100633

Vinay Mohan
9037827614
Siyahi – The Content & PR People